**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് — പഞ്ചായത്ത് ജീവനക്കാര്യം — തൃക്കരുവ ഗ്രാമപഞ്ചായത്ത് മുൻ ജൂനിയർ സൂപ്രണ്ട് ശ്രീ. എസ്. സുനീഷ് കുമാർ സമർപ്പിച്ച അപ്പീൽ അപേക്ഷ — തീർപ്പാക്കി — ഉത്തരവ് പുറപ്പെടുവിക്കുന്നു

==========================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.3191/2017/തസ്വഭവ — തീയതി, തിരുവനന്തപുരം, 03.10.2017

==========================================================================

പരാമർശം: 1. പഞ്ചായത്ത് ഡയറക്ടറുടെ 05.08.2011-ലെ ഡി7-20316/2010 നമ്പർ ഉത്തരവ്

2. ശ്രീ. സുനീഷ് കുമാർ സമർപ്പിച്ച അപ്പീൽ അപേക്ഷ

3. പഞ്ചായത്ത് ഡയറക്ടറുടെ 29.06.2012-ലെ ഡി7-20316/2010 നമ്പർ കത്ത്

**ഉത്തരവ്**

കൊല്ലം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ വർഷങ്ങളായി തീർപ്പാക്കാതെ അവശേഷിക്കുന്ന വിവിധ തലത്തിലുള്ള ആഡിറ്റ് റിപ്പോർട്ടുകളിന്മേൽ അടിയന്തിര നടപടി സ്വീകരിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുമായി കൊല്ലം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ 25.05.2010-ന് വിളിച്ചു ചേർത്ത ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലെയും ജൂനിയർ സൂപ്രണ്ട്/ഹെഡ് ക്ലാർക്കുമാരുടെ യോഗത്തിൽ തൃക്കരുവ ഗ്രാമപഞ്ചായത്ത് ജൂനിയർ സൂപ്രണ്ട് ശ്രീ. എസ്. സുനീഷ് കുമാർ റിപ്പോർട്ടുകൾ സഹിതം ഹാജരാകാത്തതിനാൽ ആയതിന്റെ കാരണം ടെലിഫോൺ മുഖാന്തിരം ആരാഞ്ഞ കൊല്ലം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറോട് നിരുത്തരവാദപരവും നിഷേധാത്മകവുമായ മറുപടി നൽകുകയും പ്രസ്തുത വിഷയം സംബന്ധിച്ച് നൽകിയ വിശദീകരണത്തിൽ, യോഗത്തിൽ പങ്കെടുക്കാൻ പഞ്ചായത്ത് പ്രസിഡന്റ് അനുവദിച്ചില്ലായെന്നറിയിക്കുകയും വസ്തുതകൾക്ക് നിരക്കാത്തതും അടിസ്ഥാന രഹിതവുമായ കാര്യങ്ങൾ നിരത്തി തന്റെ ഭാഗം ന്യായീകരിക്കുകയും ജില്ലാ അധികാരികളായ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറേയും, അസിസ്റ്റന്റ് ഡയറക്ടറേയും മാനിക്കാത്ത രീതിയിൽ വിമർശിക്കുകയും ചെയ്തതായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നൽകിയ റിപ്പോർട്ടിന്റെയും, യോഗത്തിൽ പങ്കെടുക്കുവാൻ പഞ്ചായത്ത് പ്രസിഡന്റ് അനുവദിച്ചില്ലായെന്ന വാദം സംബന്ധിച്ച് താൻ യാതൊരു വിവരവും അറിഞ്ഞിരുന്നില്ലെന്ന് പഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചതിന്റെയും അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ തൃക്കരുവ ഗ്രാമപഞ്ചായത്ത് മുൻ ജൂനിയർ സൂപ്രണ്ട് ശ്രീ. സുനീഷ് കുമാറിനെതിരെ അച്ചടക്ക നടപടി സ്വീകരിച്ച് ടിയാന്റെ ഒരു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ തടഞ്ഞ് പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ഇതിനെതിരെ ശ്രീ. സുനീഷ് കുമാർ പരാമർശം (2) പ്രകാരം അപ്പീൽ ഹർജി സമർപ്പിക്കുകയും അതിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുമുണ്ടായി.

കുറ്റപത്രത്തിന് ശ്രീ. സുനീഷ് കുമാർ സമർപ്പിച്ച പ്രതിവാദ പത്രികയിൽ പരസ്പര വിരുദ്ധവും അവാസ്തവുമായ വിവരങ്ങളാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്ന് കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും തുടർന്ന് ശ്രീ. സുനീഷ് കുമാറിനെതിരെ ഉന്നയിക്കപ്പെട്ട ആരോപണങ്ങൾ ശരിയാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ ഒരു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ തടയുവാൻ താൽക്കാലികമായി തീരുമാനിച്ച് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും കാരണം കാണിക്കൽ നോട്ടീസ് 22.01.2011-ൽ കൈപ്പറ്റിയ ടിയാൻ 45 ദിവസത്തെ അധികസമയം കൂടി ആവശ്യപ്പെട്ടത് അനുവദിച്ചുവെങ്കിലും അതിനുശേഷം 02.07.2011-ലാണ് മറുപടി സമർപ്പിച്ചതെന്നും അനുവദിച്ച സമയപരിധിക്കുള്ളിൽ ടിയാൻ മറുപടിയൊന്നും സമർപ്പിക്കാത്തതിനാൽ മേൽ താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവാകുകയുണ്ടായെന്നും കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അഭിപ്രായക്കുറിപ്പും എതിർവാദ പത്രികയും വിശദമായി പരിശോധിച്ചാണ് ടിയാനെതിരെ അച്ചടക്ക നടപടി പൂർത്തീകരിച്ചിട്ടുള്ളതെന്നും ആയതിനാൽ ശ്രീ. സുനീഷ് കുമാർ സമർപ്പിച്ച അപ്പീൽ അപേക്ഷ പരിഗണനാർഹമല്ലെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു കൊല്ലം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ വിളിച്ചുചേർത്ത യോഗത്തിൽ പങ്കെടുക്കാത്തത് സംബന്ധിച്ച് ശ്രീ. സുനീഷ് കുമാർ നൽകിയ വിശദീകരണത്തിൽ വസ്തുതകൾക്ക് നിരക്കാത്തതും അടിസ്ഥാന രഹിതവുമായ കാര്യങ്ങൾ നിരത്തി തന്റെ ഭാഗം ന്യായീകരിക്കുകയും, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറേയും, അസിസ്റ്റന്റ് ഡയറക്ടറേയും മാനിക്കാത്ത രീതിയിൽ വിമർശിക്കുകയും ചെയ്തതു വഴി ഒരു സർക്കാർ ജീവനക്കാരന് നിരക്കാത്ത തരത്തിൽ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ഗുരുതരമായ വീഴ്ചക്കും അച്ചടക്ക ലംഘനത്തിനും ടിയാൻ ഉത്തരവാദിയാണെന്നും കൂടാതെ കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അഭിപ്രായക്കുറിപ്പും എതിർവാദ പത്രികയും വിശദമായി പരിശോധിച്ചാണ് ടിയാനെതിരെ അച്ചടക്ക നടപടി പൂർത്തീകരിച്ചിട്ടുള്ളതെന്നുമുള്ള പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. സുനീഷ് കുമാറിനെതിരെ പഞ്ചായത്ത് ഡയറക്ടർ സ്വീകരിച്ച അച്ചടക്ക നടപടി പുന:പരിശോധിക്കേണ്ട സാഹചര്യമുണ്ടെന്ന് കാണുന്നില്ല. ഈ സാഹചര്യത്തിൽ തൃക്കരുവ ഗ്രാമപഞ്ചായത്ത് മുൻ ജൂനിയർ സൂപ്രണ്ട് ശ്രീ. എസ്. സുനീഷ് കുമാർ സമർപ്പിച്ച അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫൻ**

ഡെപ്യൂട്ടി സെക്രട്ടറി

1. ശ്രീ. എസ്. സുനീഷ് കുമാർ, മുൻ ജൂനിയർ സൂപ്രണ്ട്, തൃക്കരുവ ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം
5. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
6. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.3747/ഇപിബി2/2012/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ